"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി

തിരുത്തൽ

നവീകരണം

പുനരധിവാസം"

**കേരള പ്രിസൺസ് &**

**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാനകാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
Phone: 0471-2342532
Mail: keralaprisons@gov.in

www.keralaprisons.gov.in

**ഇണ്ടാസ് നം: KPCS/8655/2025-E1; തീയതി: 29-12-2025**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ട്രെയിനിംഗ് -ബി) വകുപ്പിന്റെ 31.10.2025 തീയതിയിലെ സ.ഉ. (കൈ) നം.20/2025/P&ARD നമ്പർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha V S

PA TO DGP&CS

സ്വീകർത്താവ്: 1. ഡിഐജി (പ്രിസൺസ്)

ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

2. എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

3. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്: വെബ്സൈറ്റ്

Fax

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും - ഘട്ടം 4 ഉം ഘട്ടം 5 ഉം ആയിട്ടുള്ള ക്രോണിക് കിഡ്നി ഡിസീസ് (CKD) ബാധിതരായ സർക്കാർ ജീവനക്കാർക്ക് പൊതുസ്ഥലം മാറ്റത്തിൽ പ്രത്യേക പരിഗണന നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥഭരണപരിഷ്കാര (ട്രെയിനിംഗ് - ബി) വകുപ്പ്

സ.ഉ.(കൈ) നം.20/2025/P&ARD തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:- 1. 25.02.2017 ലെ സ.ഉ(പി) നം. 3/2017/ഉഭപവ

2. 01.04.2025 ൽ ശ്രീ. അഭിലാഷ് എസ്,റവന്യൂ ഇൻസ്പെക്ടർ, പി. എ.ആർ (ഇറിഗേഷൻ),പാലക്കാട് സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പരാമർശം (1) പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 4 ( i ) ൽ ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് ഗുരുതരമായ രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിന് വിധേയരായവർ) അപകടമോ മൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയും ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരുകയും ചെയ്യുമ്പോൾ പൊതു സ്ഥലം മാറ്റത്തിൽ അനുകമ്പാർഹമായ കാരണങ്ങളാൽ പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

ശ്രീ. അഭിലാഷ് എസ്. ക്രോണിക് കിഡ്നി ഡിസീസ് ബാധിച്ച സർക്കാർ ജീവനക്കാർക്ക് അവരുടെ പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കുന്നതിനായി വൃക്ക രോഗികൾക്ക് ആശ്വാസമാകും വിധം ടി രോഗത്തെ ഗുരുതര രോഗമായി കണക്കാക്കുവാൻ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്ന്പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാതിയിൽ പരാമർശിക്കുന്ന രോഗത്തിന്റെ സങ്കീർണ്ണാവസ്ഥ കണക്കിലെടുത്ത് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 4(i) ആയ ഗുരുതരമായ രോഗങ്ങൾക്കൊപ്പം ഘട്ടം 4 ഉം ഘട്ടം 5 ഉം ആയിട്ടുള്ള ക്രോണിക് കിഡ്നി ഡിസീസ് (CKD) കൂടി നിലവിലുള്ള പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം സ്ഥലംമാറ്റത്തിനുള്ള അനുകമ്പാർഹമായ കാരണമായി കണക്കാക്കാവുന്നതാണ് എന്ന് ഉൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം (1) ലെ ഉത്തരവ് മേൽപറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക് /സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ളഎല്ലാ ഓഫീസർമാർക്കും ,എല്ലാ വകുപ്പമേധാവികൾക്കും ഓഫീസുകൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ,കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ശ്രീ.ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.

രജിസ്ട്രാർ ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ,തിരുവനന്തപുരം.
മാനേജിങ് ഡയറക്ടർ,കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല,മണ്ണുത്തി
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്,തിരുവനന്തപുരം

മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (02-08-2025 ലെ HEALTH -G2/576/HEALTH പ്രകാരം )

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Aravind .c.m
Date: 31-10-2025 11:44:01
സെക്ഷൻ ഓഫീസർ